പുനർനിർണ്ണയം കൃത്യതയോടെ നടത്തുവാനുള്ള സൗകര്യം എന്നിവയെല്ലാം ആധുനിക സർവ്വേയുടെ പ്രയോജനങ്ങളാണ്.

(ഡി) ടി രീതിയിൽ വളരെ കൃത്യതയോടെ സർവ്വേ നടത്തുന്നതിനായി ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ സംസ്ഥാനത്തുടനീളം (78 വില്ലേജുകളിൽ 4443 പോയിന്റുകൾ) കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി രീതി അവലംബിച്ച് മിഷൻ 7 വില്ലേജുകളിൽ റീ-സർവ്വേ നടത്തുകയും അതിൽ തൃശ്ശൂർ ജില്ലയിലെ പുങ്കുന്നം എന്ന വില്ലേജ് ഐ.ടി. മിഷന്റെ തന്നെ സംരംഭമായി കെ.എസ്.ഡി.ഐ. എന്ന ജിയോ പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. തുടർന്ന് സർവ്വേ വകുപ്പ് റീ-സർവ്വേ നടത്തേണ്ട വില്ലേജുകൾ കേന്ദ്രീകരിച്ച് ജി.പി.എസ്. കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളിൽ മിഷൻ വ്യാപൃതമാണ്. കൂടാതെ ഒരു വില്ലേജിൽ രണ്ട് വീതം മെയിൻ കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും ഇതിലേക്കായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

അതുല്യം രണ്ടാംഘട്ടം

26 (*416) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതുല്യം രണ്ടാംഘട്ടത്തിന്റെ പ്രവർത്തനരീതി വിശദമാക്കുമോ ;

(ബി) ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേരിടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കത്തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ച് കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒരു നൂതന പദ്ധതിയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി. കേരളത്തിലെ 140 നിയോജക മണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനാണ് അതുല്യം പദ്ധതി ലക്ഷ്യം വച്ചത്.

സർവ്വേ നടത്തി പഠിതാക്കളെ കണ്ടെത്തുക, നാലാം തരം തുല്യതാ പാഠാവലിയുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ നടത്തുക, പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്.

പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടക്കുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ ചെയർമാനായിട്ടുള്ള സംഘാടക സമിതിയും, വാർഡ് തലങ്ങളിൽ വാർഡ് മെമ്പർമാർ ചെയർമാനായിട്ടുള്ള വാർഡുതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ അതുല്യം സ്റ്റേറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജില്ലകളെ നാല് മേഖലകലായി തിരിച്ച് മുൻപരിചയമുള്ള നാല് ജില്ലാ കോ-ഓർഡിനേറ്റർമാരെ മേഖലാ തലത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മേഖലാ കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതുല്യം പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി അതുല്യം പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. ജില്ലാ കോ-ഓർഡിനേറ്റർമാരെയും മേഖലാ കോ-ഓർഡിനേറ്റർമാരെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പദ്ധതി അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ മുഖേന നടത്തിയിട്ടുള്ള സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർ വിദ്യാകേന്ദ്രങ്ങളിലൂടെ വാർഡ് തലത്തിൽ പ്രേരകുമാർ നടത്തിയ സർവ്വേയിലൂടെയുമാണ് പഠിതാക്കളെ കണ്ടെത്തിയിട്ടുള്ളത്. പ്രസിദ്ധ സിനിമാ നടൻ ശ്രീ. ദിലീപ് പ്രതിഫലമൊന്നും കൂടാതെ ഈ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറാകാൻ തയ്യാറാകുകയും അദ്ദേഹത്തിന്റെ സന്ദേശം പ്രചരണത്തിനായി ഉപയോഗിക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രത്യേക സന്ദേശവും പ്രമുഖ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു.

(ബി) ഇല്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ നടന്ന പ്രവർത്തനങ്ങളും ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണങ്ങളെക്കുറിച്ചും പഠിച്ച് വിലയിരുത്തുന്നതിനായി ഒരു ബാഹ്യഏജൻസിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. സംസ്ഥാന തല പ്രഖ്യാപനത്തിന് മുൻപ് ഒരു ബാഹ്യ ഏജൻസിയുടെ വിലയിരുത്തൽ കൂടി ആവശ്യമായതിനാൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്ലാസ്റ്റിക് ഉൾപ്പെടുത്തിയുള്ള റോഡ് ടാറിംഗിന്റെ ഗുണമേന്മ

27 (*417) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. പാലോട് രവി :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, ടാറിനൊപ്പം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly